OCT

005460

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - കേരള സാമൂഹ്യ സുരക്ഷാ മിഷൻ - വിവിധ സാഹചര്യങ്ങളാൽ ജീവിതം വഴിമുട്ടുന്ന കുട്ടികളുടെ ഭാവി സുരക്ഷിതമാക്കുന്നതിനായി പ്രതിമാസ ധനസഹായം നൽകുന്ന സ്നേഹപൂർവ്വം പദ്ധതി - മാനദണ്ഡങ്ങൾ പുതുക്കി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ.(എം.എസ്) നം.83/2014/സാനീവ തിരുവനന്തപുരം, തീയതി, 10.10.2014.

പരാമർശം (1) സ.ഉ(എം.എസ്) നം.36/2012/സാനീവ തീയതി 06.06.2012

(2) സ.ഉ(എം.എസ്) നം. 6/2013/സാനീവ തീയതി 22.01.2013

(3) 31.07.2013 ൽ സാമൂഹ്യനീതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ തീരുമാനങ്ങൾ

Ps
R
14/10/14

## ഉത്തരവ്

വിവിധ സാഹചര്യങ്ങളാൽ മാതാപിതാക്കൾ ഇരുവരും മരണമടയുകയോ അഥവാ ഇവരിൽ ഒരാൾ മരണപ്പെടുകയും ജീവിച്ചിരിക്കുന്ന ആൾക്ക് ആരോഗ്യപരമോ സാമ്പത്തികപരമോ ആയ കാരണങ്ങളാൽ കുട്ടികളെ സംരക്ഷിച്ച് വിദ്യാഭ്യാസം നൽകുന്നതിന് സാധിക്കാതെ വരികയും ചെയ്യുന്ന സന്ദർഭങ്ങളിൽ അത്തരം കുട്ടികളെ അനാഥാലയങ്ങളിൽ സംരക്ഷിക്കാതെ സ്വഭവനങ്ങളിൽ അല്ലെങ്കിൽ ബന്ധു ഭവനങ്ങളിൽ സംരക്ഷിച്ച് വിദ്യാഭ്യാസം നൽകുന്നതിന് ഉപകരിക്കുന്നവിധം ആവശ്യമായ പ്രതിമാസ ധനസഹായം നൽകുന്ന ' സ്നേഹപൂർവ്വം' പദ്ധതി മേൽ പരാമർശിച്ച ഉത്തരവുകൾ പ്രകാരം അംഗീകരിച്ച് നടപ്പിലാക്കി വരുന്നു.

2. സ്നേഹപൂർവ്വം പദ്ധതിയുടെ ആനുകൂല്യത്തിന് അർഹരായ സംസ്ഥാനത്തെ എല്ലാ വിദ്യാർത്ഥികൾക്കും ഈ സഹായം എത്തിക്കുന്നതിനും, പദ്ധതി നടത്തിപ്പിൽ ഇപ്പോൾ നേരിട്ടുകൊണ്ടിരിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും, അപേക്ഷകൾ സമർപ്പിക്കുന്നതിലും തീർപ്പാക്കുന്നതിലുമുള്ള കാലവിളംബം പരമാവധി കുറയ്ക്കുന്നതിനും ഇതിനായി ഒരു സമയപരിധി നിശ്ചയിക്കുന്നതുമായ കാര്യങ്ങൾ ചർച്ച ചെയ്യുന്നതിന് 31.07.2014 ൽ സാമൂഹ്യനീതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ വിദ്യാഭ്യാസ മേഖലയിലുള്ള വകുപ്പ് മേധാവികളുടെയും മറ്റു ബന്ധപ്പെട്ടവരുടെയും ഒരു ഉന്നതതല യോഗം ചേരുകയുണ്ടായി. പ്രസ്തുത യോഗത്തിന്റെ അടിസ്ഥാനത്തിൽ കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പിലാക്കി വരുന്ന സ്നേഹപൂർവ്വം പദ്ധതിയുടെ മാനദണ്ഡങ്ങളും അപേക്ഷ സമർപ്പിക്കുന്നതിനും തീർപ്പാക്കുന്നതിനുമുള്ള നടപടി ക്രമങ്ങളും പുതുക്കി നിശ്ചയിക്കുന്നതിന് തീരുമാനിക്കുകയുണ്ടായി.

അപ്രകാരം സ്നേഹപൂർവ്വം പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി താഴെ പറയുന്ന കാര്യങ്ങളും കൂടി അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പദ്ധതി മാനദണ്ഡങ്ങൾ

1. ഈ പദ്ധതി മാതാവോ- പിതാവോ (അല്ലെങ്കിൽ രണ്ടുപേരും) മരണമടഞ്ഞ കുട്ടികൾക്കുള്ള ധനസഹായമായതിനാൽ മറ്റു സ്കോളർഷിപ്പോ സർക്കാർ

ആനുകൂല്യങ്ങളോ ലഭിക്കുന്നവരെയും, മറ്റു നിബന്ധനകൾക്കു വിധേയമായി, ഇതിൽ പരിഗണിക്കാവുന്നതാണ്.

2. അപേക്ഷകൾ വിദ്യാർത്ഥികളിൽ നിന്നും നേരിട്ട് സാമൂഹ്യ സുരക്ഷാ മിഷൻ സ്വീകരിക്കുന്നതല്ല. അപേക്ഷകൾ വിദ്യാർത്ഥി പഠിക്കുന്ന സ്ഥാപന മേധാവികൾ മുഖേന ഓൺലൈനായി മാത്രമേ സ്വീകരിക്കുകയുള്ളൂ.
3. ഈ പദ്ധതി പ്രകാരമുള്ള ധനസഹായം ബാങ്ക് മുഖേന നൽകുന്നതിനാൽ വിദ്യാർത്ഥിയുടെയും രക്ഷകർത്താവിന്റെയും പേരിൽ കോർബാങ്കിംഗ് സംവിധാനമുള്ള ഏതെങ്കിലും ബാങ്കിൽ, ജോയിന്റ് അക്കൗണ്ട് (കുട്ടിയും രക്ഷകർത്താവും ഒരുമിച്ച് തുക പിൻവലിക്കാവുന്ന രീതിയിൽ മാത്രം) ആരംഭിക്കേണ്ടതാണ്.

<u>അപേക്ഷ സ്വീകരിക്കുന്നതിന്റെയും തീർപ്പാക്കുന്നതിന്റെയും നടപടിക്രമങ്ങൾ</u>

1. വിദ്യാഭ്യാസ സ്ഥാപനത്തിന്റെ മേധാവി, തന്റെ സ്ഥാപനത്തിൽ പഠിക്കുന്ന വിദ്യാർത്ഥികളിൽ, പദ്ധതി മാനദണ്ഡങ്ങൾ പ്രകാരം അർഹരായവരെ കണ്ടെത്തി അവരുടെ അപേക്ഷകൾ നിശ്ചിത ഫോർമാറ്റിൽ കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ വെബ്സൈറ്റ് (www.socialsecuritymission.gov.in) മുഖേന ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. അപേക്ഷകൾ അപ്‌ലോഡ് ചെയ്യുന്ന അവസരത്തിൽ അപേക്ഷകരായ വിദ്യാർത്ഥികൾ പദ്ധതി മാനദണ്ഡങ്ങൾ പ്രകാരം ധനസഹായത്തിന് അർഹരാണെന്ന് ബന്ധപ്പെട്ട സ്ഥാപന മേധാവി ഉറപ്പു വരുത്തേണ്ടതാണ്. അതിന്റെ ഭാഗമായി താഴെപ്പറയുന്ന രേഖകൾ അപേക്ഷകരായ വിദ്യാർത്ഥികളിൽ നിന്നും ശേഖരിച്ച് ഓഫീസിൽ സൂക്ഷിക്കേണ്ടതാണ്.

a) വെള്ളക്കടലാസിലുള്ള അപേക്ഷ

b) വിദ്യാർത്ഥിയുടെ അമ്മ/അച്ഛൻ അല്ലെങ്കിൽ അച്ഛനമ്മമാർ മരണമടഞ്ഞതിന്റെ നിയമാനുസൃതമായ മരണ സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്

c) ബി.പി.എൽ വിഭാഗത്തിൽപ്പെടുന്നവർ വിദ്യാർത്ഥിയുടെ പേര് ഉൾപ്പെടുന്ന ബി.പി.എൽ റേഷൻ കാർഡിന്റെ പ്രസക്ത ഭാഗങ്ങൾ അടങ്ങിയ പേജുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് അല്ലെങ്കിൽ കുട്ടിയെ സംരക്ഷിക്കുന്ന കുടുംബം ബി.പി.എൽ വിഭാഗത്തിൽ ഉൾപ്പെടുന്നതാണെന്ന് കാണിക്കുന്ന തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളിൽ നിന്നുമുള്ള ബി.പി.എൽ സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്. അല്ലെങ്കിൽ വിദ്യാർത്ഥിയുടെ കുടുംബം പദ്ധതി മാനദണ്ഡ പ്രകാരമുള്ള വരുമാന പരിധിയിലുള്ളതാണെന്ന് തെളിയിക്കുന്ന വില്ലേജ് ഓഫീസറിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.

d) വിദ്യാർത്ഥികളുടെയും രക്ഷകർത്താവിന്റെയും പേരിൽ കോർബാങ്കിംഗ് സംവിധാനമുള്ള ഏതെങ്കിലും ഷെഡ്യൂൾഡ്/ദേശസാൽകൃത ബാങ്കിൽ ജോയിന്റ് അക്കൗണ്ടും (കുട്ടിക്കും രക്ഷകർത്താവിനും മാത്രം ഒരുമിച്ചു തുക പിൻവലിക്കാവുന്ന രീതിയിൽ) ആരംഭിച്ച പാസ്സ് ബുക്കിന്റെ ഒന്നാം പേജിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.

e) വിദ്യാർത്ഥിയുടെ ആധാർ കാർഡിന്റെ/ ആധാർ കാർഡ് ലഭിക്കുന്നതിനു വേണ്ടി രജിസ്റ്റർ ചെയ്ത രേഖയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് .

2. മുൻവർഷങ്ങളിൽ സ്നേഹപൂർവ്വം പദ്ധതിയുടെ ധനസഹായം ലഭിച്ചവരും മേൽപ്പറഞ്ഞ രേഖകൾ സഹിതം വിദ്യാഭ്യാസ സ്ഥാപന മേധാവികൾ മുഖേന വീണ്ടും അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കേണ്ടതാണ്.
3. വിദ്യാഭ്യാസ സ്ഥാപന മേധാവിക്ക് ആവശ്യമെങ്കിൽ, ഇത്തരം കാര്യങ്ങളിൽ താൽപ്പര്യമുള്ള അതേ സ്ഥാപനത്തിലെ മറ്റൊരദ്ധ്യാപകനെ ഈ പദ്ധതിയുടെ ചുമതലകൾക്ക് നിയോഗിക്കാവുന്നതാണ്.

4. വിദ്യാർത്ഥി വെള്ളക്കടലാസിൽ എഴുതി സമർപ്പിക്കുന്ന അപേക്ഷയോടൊപ്പം നൽകുന്ന രേഖകൾ ആവശ്യമെങ്കിൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. ഓരോ അപേക്ഷയും അപ്‌ലോഡ് ചെയ്തശേഷം അതിന്റെ ഒരു പ്രിന്റ് ഔട്ട് എടുത്ത് ഈ രേഖകളോടൊപ്പം ചേർത്ത് വിദ്യാഭ്യാസ സ്ഥാപനത്തിന്റെ ഓഫീസിൽ സൂക്ഷിക്കേണ്ടതാണ്. അപേക്ഷയുടെ പ്രിന്റ് ഔട്ട് സാമൂഹ്യ സുരക്ഷാ മിഷനിലേയ്ക്ക് അയക്കേണ്ടതില്ല.
5. ഓൺലൈനായി സാമൂഹ്യസുരക്ഷാ മിഷനിൽ ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് ധനസഹായം പാസ്സാക്കുകയും അനുവദനീയമായ തുക കുട്ടിയുടെയും രക്ഷകർത്താവിന്റെയും പേരിൽ ആരംഭിച്ച ബാങ്ക് അക്കൗണ്ടിൽ RTGS മുഖേന മാറ്റി നിക്ഷേപിക്കുന്നതാണ്.
6. ഒരു വിദ്യാഭ്യാസ സ്ഥാപനത്തിലെ അർഹരായ മുഴുവൻ വിദ്യാർത്ഥികളുടെയും അപേക്ഷകൾ കഴിവതും ഒരുമിച്ച് കേരള സാമൂഹ്യ സുരക്ഷാ മിഷനിലേയ്ക്ക് ഓൺലൈനായി സമർപ്പിക്കുവാൻ സ്ഥാപനമേധാവികൾ ശ്രദ്ധിക്കേണ്ടതാണ്. ഇപ്രകാരം അപ്‌ലോഡ് ചെയ്യുന്ന കുട്ടികളുടെ കംപ്യൂട്ടർ ജനറേറ്റഡ് ലിസ്റ്റ് സ്ഥാപന മേധാവി ഒപ്പിട്ട് സ്ഥാപന മുദ്രയോട് കൂടി കേരള സാമൂഹ്യ സുരക്ഷാ മിഷനിലേയ്ക്ക് അയക്കേണ്ടതാണ്.
7. ധനസഹായത്തിന് അർഹരായ കുട്ടികൾ ഓരോരുത്തർക്കും ഒരു പ്രത്യേക നമ്പർ (Unique Identification Number) അനുവദിക്കുന്നതും പ്രസ്തുത നമ്പർ ഉൾപ്പെടെ തുക പാസ്സാക്കിയ വിവരം വിദ്യാഭ്യാസ സ്ഥാപന മേധാവിയെ കേരള സാമൂഹ്യ സുരക്ഷാ മിഷൻ അറിയിക്കുന്നതാണ്. ഈ പ്രത്യേക നമ്പർ ഉൾപ്പെടെയുള്ള വിവരം സ്ഥാപന മേധാവി വിദ്യാർത്ഥികളെ യഥാസമയം അറിയിക്കേണ്ടതാണ്. ഭാവിയിൽ ഈ പദ്ധതിയുമായി ബന്ധപ്പെട്ട എന്തെങ്കിലും ആവശ്യം വരുന്ന പക്ഷം ഈ പ്രത്യേക നമ്പർ റഫറൻസ് നമ്പരായി നിശ്ചയമായും കാണിക്കേണ്ടതാണ്.
8. ഒരു അദ്ധ്യയന വർഷത്തിൽ പരമാവധി പത്ത് മാസത്തെ ധനസഹായമാണ് അനുവദിക്കുന്നത്.
9. എല്ലാ വർഷവും പരമാവധി ഒക്ടോബർ 31-ാം തീയതിക്കകം അപേക്ഷകൾ ഓൺലൈനായി സാമൂഹ്യ സുരക്ഷാ മിഷനിൽ ലഭിച്ചിരിക്കേണ്ടതാണ്. സാമൂഹ്യ സുരക്ഷാ മിഷൻ ഗഡുക്കളായോ ഒരുമിച്ചോ ഒരദ്ധ്യയന വർഷത്തേയ്ക്ക് അനുവദനീയമായ തുക പാസ്സാക്കി നൽകുന്നതാണ്.

ഈ ഉത്തരവിന്റെ പകർപ്പ് എല്ലാ സർക്കാർ/എയ്ഡഡ് മേഖലയിലെയും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ലഭ്യമായിരിക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട ഓരോ വകുപ്പ് മേധാവിയും ഇക്കാര്യത്തിൽ ഉചിതമായ നിർദ്ദേശങ്ങൾ കീഴാഫീസുകളിലേയ്ക്കും അവരുടെ കീഴിലുള്ള ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കും നൽകേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**ഡോ. കെ.എം. എബ്രഹാം**

അഡീഷണൽ ചീഫ് സെക്രട്ടറി